

# S.K.V.G.H.S.S,NEENDOOR



# അക്കാദമിക
# മാസ്റ്റർ പ്ലാൻ



# എസ്.കെ.വി
# ജി.എച്ച്.എസ്.എസ്
# നീണ്ടൂർ

# എസ്.കെ.വി
# ജി.എച്ച്.എസ്.എസ്
# നീണ്ടൂർ
# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025–2026

## വിദ്യാലയം - അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂൾ പ്രിൻസിപ്പാൾ | പ്രീയാ ഗോപാൽ |
| സ്കൂൾ വൈസ് പ്രിൻസിപ്പാൾ (ഹെഡ്മിസ്ട്രസ്) | കൃഷ്ണകുമാരി പി. കെ |
| ആകെ അധ്യാപകർ | |
| എച്ച്. എസ്. എസ്. വിഭാഗം | 14 |
| എച്ച് വിഭാഗം | 14 |
| ഓഫീസ് | 4 |
| ലാബ് അസിസ്റ്റന്റ് | 2 |
| എഫ്. റ്റി. എം. | -- |
| ജില്ല | കോട്ടയം |
| വിദ്യാഭ്യാസ ജില്ല | പാല |
| ഉപജില്ല | ഏറ്റുമാനൂർ |
| ബി. ആർ. സി | ഏറ്റുമാനൂർ |
| ആകെ കുട്ടികളുടെ എണ്ണം | 165 |
| ഗ്രാമപഞ്ചായത്ത് | നീണ്ടൂർ |
| മാനേജ്മെന്റ് | ഗവൺമെന്റ് |
| പഠനമാധ്യമം | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

ഇന്ത്യയിലെ കേരളത്തിലെ കോട്ടയം ജില്ലയിലെ വളരെ ചെറിയ പട്ടണമാണ് നീണ്ടൂർ. കോട്ടയം പട്ടണത്തിൽ നിന്ന് 8 കിലോമീറ്റർ വടക്കായി ഈ കൊച്ചു പട്ടണം സ്ഥിതി ചെയ്യുന്നു. കൈപ്പുഴ, അതിരമ്പുഴ , കല്ലറ, മാഞ്ഞൂർ, കാണക്കാരി എന്നീ പഞ്ചായത്തുകളുമായി അതിർത്തി പങ്കിടുന്ന മനോഹരമായ ഒരു ഗ്രാമപഞ്ചായത്ത് ആണിത്. വർഷങ്ങളായി എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറുമേനി വിജയം കൈവരിച്ചു കൊണ്ട് ജൈത്രയാത്ര തുടരുന്നു. വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച വിജയം നേടുവാൻ നമ്മുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമികരംഗത്തും കലാ കായിക രംഗത്തും ഒരു പോലെ മികവ് നേടുവാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. പെൺകുട്ടികൾക്കായി സ്വയം പ്രതിരോധത്തിന് സഹായിക്കുന്ന സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ നടത്തുന്നു. കുട്ടികളുടെ പഠനത്തെയും സ്വഭാവത്തെയും ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പു വരുത്താൻ കഴിയുന്നു. ഹരിതഭംഗിയാർന്ന ഈ വിദ്യാലയം ശിശു സൗഹൃദമായ 'കളിക്കൂടാരം' കൊച്ചു കുട്ടികൾക്കായി ഒരുക്കിയിരിക്കുന്നു.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# Class - I

പരിസരപഠനം **Std. I**

<u>ലക്ഷ്യങ്ങൾ</u>

ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്നു കണ്ടെത്തുന്നു.

വിവിധതരം സസ്യങ്ങൾ (വലിയമരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു. പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.

നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ, പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.

പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | പ്രകൃതി നടത്തം ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു.<br>പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ | അദ്ധ്യാപകർ |
| ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | പൂന്തോട്ടത്തിൽ നിന്ന് ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | | |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടു വരുന്നു.<br>ഓരോന്നിന്റെയും ഏത് ഭാഗമാണെന്ന് ഭക്ഷണ യോഗ്യം ആയതെന്ന് കണ്ടെത്തുന്നു. | | |

ഗണിതം

**ഉദ്ദേശ്യങ്ങൾ**

1. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
2. അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
3. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ |
|---|---|---|
| സംഖ്യാബോധം | സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>സംഖ്യാകാർഡ് നിർമ്മിക്കൽ | അദ്ധ്യാപകർ<br>രക്ഷിതാക്കൾ |
| ഗണിത കിറ്റ് | ഗണിത പഠനത്തിന് സഹായകമായ വിധത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു. | |
| വലിയ സംഖ്യ | ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ | |
| ചെറിയ സംഖ്യ | വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം. | |
| സങ്കല ക്രിയകൾ | സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കല ക്രീയകൾ നടത്തുന്നതിന് | |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | ഒറ്റസംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയുന്നതിന് ഒന്നിടവിട്ട സംഖ്യ, ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | |
| സംഖ്യാ ഗാനങ്ങൾ | സംഖ്യാഗാനങ്ങൾ പാടുന്നു.<br>ശേഖരിക്കുന്നു. | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് - I :

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം | മാസത്തിൽ ഒന്ന് | SRG<br>Class Teacher |

## AMP – Std-I

ആമുഖം,

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക.

സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024 – 25 അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവ കൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു.

**വിഷയം - മലയാളം**

**ലക്ഷ്യങ്ങൾ :-**

- ഒന്നാംക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലകഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങൾ എഴുതുന്നതിനുള്ള കഴിവ് നേടുക.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം |
|---|---|
| വായന | ചിത്രവായന<br>വിവധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.<br>പത്ര വായന<br>വായന കാർഡ് തയ്യാറാക്കൽ |
| ലേഖനം | ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>സംയുക്ത ഡയറി എഴുത്ത് ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു.<br>ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു.<br>ആ അക്ഷരം എഴുതുന്നു.<br>ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു.<br>എഴുതുന്നു. |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# Class - II

# ഡയറിയെഴുത്ത് (ലോവർ പ്രൈമറി വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ഭാഷാപഠനം

പ്രവർത്തനത്തിന്റെ പേര് : ഡയറിയെഴുത്ത്

ലക്ഷ്യങ്ങൾ :

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നു.<br>ക്ലാസ് പി.ടി.എ യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പു വരുത്തുന്നു.<br>ജൂൺ മുതൽ ആരംഭിക്കുന്നു.<br>ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു. കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസ്സിൽ പങ്കു വയ്ക്കുന്നു. | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | |

# ക്ലാസ് ലൈബ്രറി (ലോവർ പ്രൈമറി വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ഭാഷാപഠനം

പ്രവർത്തനത്തിന്റെ പേര് : ക്ലാസ്സ് ലൈബ്രറി

ലക്ഷ്യങ്ങൾ : രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ക്ലാസ്സ് ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കൽ<br>രക്ഷിതാക്കളുടെ സഹായത്തോടെ രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കനുയോജ്യമായ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.<br><br>കുട്ടികളുടെ പുസ്തക പരിചയം പരിപാടി | ആഗസ്റ്റ് അവസാന വാരം മുതൽ | കുട്ടികൾ<br>രക്ഷിതാക്കൾ<br>അദ്ധ്യാപകർ | |

# പാട്ടരങ്ങ് (ലോവർ പ്രൈമറി വിഭാഗം)

| | | |
|---|---|---|
| മേഖല | : | അക്കാദമീയം |
| ഉപമേഖല | : | ഭാഷാപഠനം |
| പ്രവർത്തനത്തിന്റെ പേര് | : | പാട്ടരങ്ങ് |
| ലക്ഷ്യങ്ങൾ | : | കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മകാ പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക. |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും കുട്ടികൾ അവതരിപ്പിക്കുന്നു. | ജൂലൈ മുതൽ | കുട്ടികൾ രക്ഷിതാക്കൾ അദ്ധ്യാപകർ | |

## റീസേഴ്സ് തീയേറ്റർ (ലോവർ പ്രൈമറി വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ഭാഷാപഠനം

പ്രവർത്തനത്തിന്റെ പേര് : റീഡേഴ്സ് തീയേറ്റർ

ലക്ഷ്യങ്ങൾ : ഭാഷയെ ഹൃദ്യവും സർഗ്ഗാത്മകവും ആസ്വാദ്യകരവുമാക്കുന്നു.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികൾ ഗ്രൂപ്പുകളായി തിരിയുന്നു.<br>കഥാപാത്രങ്ങളും സംഭാഷണങ്ങളും ആഖ്യാനങ്ങളും കണ്ടെത്തുന്നു.<br>വായിച്ച് ഒരുങ്ങുന്നു.<br>അവതരിപ്പിക്കുന്നു.<br>സർഗ്ഗവേളയിൽ അവതരിപ്പിക്കുന്നു. | ആഗസ്റ്റ് | കുട്ടികൾ<br>രക്ഷിതാക്കൾ<br>അദ്ധ്യാപകർ | |

# ലഘുപതിപ്പുകൾ തയ്യാറാക്കൽ (ലോവർ പ്രൈമറി വിഭാഗം)

| | | |
|---|---|---|
| മേഖല | : | അക്കാദമീയം |
| ഉപമേഖല | : | ഭാഷാപഠനം |
| പ്രവർത്തനത്തിന്റെ പേര് | : | ലഘുപതിപ്പുകൾ തയ്യാറാക്കൽ |
| ലക്ഷ്യങ്ങൾ | : | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികൾ കളികളുടെ ചിത്രങ്ങളും വിവരണങ്ങളും ചേർന്ന് കൊണ്ട് കളിപ്പതിപ്പ് തയ്യാറാക്കുന്നു. മനോഹരമായി ലേ ഔട്ട് ചെയത് കളിപ്പതിപ്പ് ക്ലാസ്സിൽ പ്രകാശനം ചെയ്യുന്നു. | ആഗസ്റ്റ് | കുട്ടികൾ<br>രക്ഷിതാക്കൾ<br>അദ്ധ്യാപകർ | |

# ഗണിത കിറ്റ് (ലോവർ പ്രൈമറി വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ഗണിതം

പ്രവർത്തനത്തിന്റെ പേര് : ഗണിത കിറ്റ്

ലക്ഷ്യങ്ങൾ : രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| എല്ലാ കുട്ടികൾക്കുമുള്ള ഗണിത കിറ്റ് ഉറപ്പാക്കുന്നു.<br>പഠനസാമഗ്രികൾ രക്ഷിതാക്കൾക്ക് പരിചയപ്പെടുത്തി സമാന സാധ്യതകൾ ഗണിത കിറ്റിലേയ്ക്ക് തയ്യാറാക്കുന്നു. | ജൂലൈ | രക്ഷിതാക്കൾ<br>അദ്ധ്യാപകർ | |

# ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ
# (ലോവർ പ്രൈമറി വിഭാഗം)

| | | |
|---|---|---|
| മേഖല | : | അക്കാദമീയം |
| ഉപമേഖല | : | ഗണിതം |
| പ്രവർത്തനത്തിന്റെ പേര് | : | ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ |
| ലക്ഷ്യങ്ങൾ | : | ജ്യാമിതീയ രൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നു. |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| വിവിധ ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെട്ട ചിത്രങ്ങൾ നിരീക്ഷിക്കുക. സമാനമായവ കണ്ടെത്തി തിരഞ്ഞെടുക്കുന്നു. സവിശേഷതകൾ തിരിച്ചറിഞ്ഞ് ജ്യാമിതീയ രൂപങ്ങൾക്ക് നിറം നൽകുന്നു. സ്കെയിൽ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

# കുസൃതി കണക്കുകൾ
# (ലോവർ പ്രൈമറി വിഭാഗം)

| | | |
|---|---|---|
| മേഖല | : | അക്കാദമീയം |
| ഉപമേഖല | : | ഗണിതം |
| പ്രവർത്തനത്തിന്റെ പേര് | : | കുസൃതി കണക്കുകൾ |
| ലക്ഷ്യങ്ങൾ | : | ഗണിത ചിന്താശേഷി വളർത്തൽ |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ് ബാലസഭ
# (ലോവർ പ്രൈമറി വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ഇംഗ്ലീഷ്

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബാലസഭ

ലക്ഷ്യങ്ങൾ : ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഇംഗ്ലീഷ് ബാലസഭ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

# പ്രകൃതി നടത്തം (ലോവർ പ്രൈമറി വിഭാഗം)

| | | |
|---|---|---|
| മേഖല | : | അക്കാദമീയം |
| ഉപമേഖല | : | പരിസര പഠനം |
| പ്രവർത്തനത്തിന്റെ പേര് | : | പ്രകൃതി നടത്തം, പൂന്തോട്ട നിർമ്മാണം |
| ലക്ഷ്യങ്ങൾ | : | ചെടികൾ നരീക്ഷിച്ച് ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു.<br>പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു.<br>ചുറ്റുപാടുമുള്ള ചെടികൾ, മരങ്ങൾ നിരീക്ഷിക്കുന്നു.<br>പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

# ശുചീകരണ ഉപകരണ നിർമ്മാണം
## (ലോവർ പ്രൈമറി വിഭാഗം)

| | | |
|---|---|---|
| മേഖല | : | അക്കാദമീയം |
| ഉപമേഖല | : | പരിസര പഠനം |
| പ്രവർത്തനത്തിന്റെ പേര് | : | ശുചീകരണ ഉപകരണ നിർമ്മാണം. |
| ലക്ഷ്യങ്ങൾ | : | ശുചീകരണത്തിനുപയോഗിക്കുന്ന ഉപകരണങ്ങൾ തിരിച്ചറിഞ്ഞ് തരം തിരിക്കുന്നു.<br>ശുചീകരണ ഉപകരണങ്ങളുടെ മാതൃക നിർമ്മിക്കുന്നു. |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ശുചീകരണ ഉപകരണങ്ങൾ തിരിച്ചറിഞ്ഞ് മാതൃകകൾ ഉണ്ടാക്കുന്നു. | ആഗസ്റ്റ് | അദ്ധ്യാപകർ<br>രക്ഷിതാക്കൾ | |

# പോസ്റ്റർ നിർമ്മാണം (ലോവർ പ്രൈമറി വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : പരിസരപഠനം

പ്രവർത്തനത്തിന്റെ പേര് : പോസ്റ്റർ നിർമ്മാണം

ലക്ഷ്യങ്ങൾ : ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികൾ ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കണ്ടെത്തി വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കാനാവശ്യമായ വിധത്തിലുള്ള പോസ്റ്ററുകൾ തയ്യാറാക്കുന്നു. | ആഗസ്റ്റ് | അദ്ധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# Std - 3

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ്സ് 3
## ഇംഗ്ലീഷ്

| AIM | Activities | Time |
|---|---|---|
| ❖ To speak, Read and write English without any mistakes<br>❖ To check the vocabulary and writing skills of pupils<br>❖ To develop listening skills and reading skills.<br>**Listening skills**<br>❖ Speaking skills<br><br>❖ Develop the creative speaking and writing Reading skills. | **Pre – Test**<br>Games, Action Songs<br>• Hello English activities<br>• Conversations<br>• Skit stories<br>• Use ICT<br>Identity the naming words from the picture<br>• Identify the action words from the picture<br>• Make simple sentences using the word about picture.<br>• Make simple description about the picture.<br>• Growing sentences, picture reading, self introductions | June to March<br><br>June – July<br><br>August & September |

| AIM | Activities | Time |
| --- | --- | --- |
| Reading Skills<br><br>Writing Skills<br><br>• To express thoughts, feelings etc. | ❖ **Books Reading**<br>• Find words<br>• Collect and read past tense<br>• Rhyming words<br>• TB activities<br>• Make word web<br>• Picture description<br>• Word chain<br>• Make words & sentences<br>• Make riddles, conversations<br>• Add more lines<br><br>❖ **Reading Skills**<br>• Library book reading<br>• Conversation, skit, stories, use KT<br>• Read notice<br>• Develop story<br>Writing skills<br>• Description<br>• Thoughts | October – November |

| AIM | Activities | Time |
| --- | --- | --- |
| • To Develop creative speaking and writing | **<u>Reading skills</u>**<br>• Library books Reading<br>• Conversations, skit storeis use ICT<br>• Develop story<br>• Read dairy<br>**Writing skills**<br>• Dairy<br>• Announcement | December – January |
| • To improve the presentation power | **Reading skills**<br>• Library books reading<br>• Conversations skit stories<br>• Develop story<br>**Writing skills**<br>• Dairy<br>• Descriptions<br>• Thoughts<br>• Exhibitions | February – March |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - ക്ലാസ്സ് 3

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ❖ സംഘ പ്രവർത്തനങ്ങളിലേർപ്പെട്ട ജനാധിപത്യ മൂല്യങ്ങൾ സാംശീകരിക്കുന്നു. ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.<br>❖ കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.<br>❖ ഭാഷാഘടകങ്ങളായ കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല് എന്നിവ ഹൃദിസ്ഥമാക്കുന്നു. ഉചിതമായ സന്ദർഭത്തിൽ പ്രയോഗിക്കുന്നു.<br>❖ ലഘു സർഗാത്മക രചനകൾ നടത്തുന്നു. (കഥ, കവിത, ഡയറി, ചിത്രം)<br>❖ കഥകളും കവിതകളും പാവനാടകം, നാടകം എന്നിവയാക്കി റീഡേഴ്സ് തീയറ്ററിൽ അവതരിപ്പിക്കുന്നു.<br>❖ കടങ്കഥകൾ ശേഖരണം, പതിപ്പ് കടങ്കഥ പയറ്റ്. | **I - കനകച്ചിലങ്ക**<br>❖ നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)<br>❖ പഴഞ്ചൊല്ലുകൾ ശേഖരണം<br>❖ കഥാശേഖരം (നാട്ടുകഥകൾ)<br>❖ നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശിൽപശാല)<br>❖ കഥോത്സവം (നാടൻ കഥകൾ) | ജൂൺ - ജൂലൈ |
| | **II - പലഹാരപ്പൊതി**<br>❖ കുട്ടികൾ വരച്ച ചിത്രങ്ങൾ (പതിപ്പ്)<br>❖ കുട്ടിക്കഥകളൊരുക്കൽ (ലൈബ്രറി)<br>❖ റോൾ പ്ലേ അവതരണങ്ങൾ<br>❖ ആഹാരവുമായി ബന്ധപ്പെട്ട പാട്ടുശേഖരണം<br>❖ പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ<br>❖ കത്തുകൾ - മാതൃകകൾ<br>❖ ഹരിതകർമ്മ സേനാംഗവുമായി അഭിമുഖം<br>❖ വിമല വിദ്യാലയം - ശുചിത്വപരിപാടി | ആഗസ്റ്റ് - സെപ്റ്റംബർ |
| | **III – മനുഷ്യന്റെ കൈകൾ**<br>❖ കൃഷിയിട സന്ദർശനം<br>❖ കൃഷിപ്പാട്ട്, കൃഷിച്ചൊല്ല് അവതരണം<br>❖ കളി അനുഭവ വിവരണം (പതിപ്പ്) | ഒക്ടോബർ |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - ക്ലാസ്സ് 3

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ❖ മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷി നേടുക.<br>❖ മൂന്നക്ക, നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കുക.<br>❖ ചതുഷ്ക്രിയകൾ ഉറപ്പിക്കുക. | ❖ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>❖ കിട്ടിയ സംഖ്യ വായിക്കുന്നു.<br>❖ കിട്ടിയ സംഖ്യ വായിക്കുന്നു.<br>❖ മറ്റുള്ളവർ സംഖ്യ എഴുതുന്നു.<br>❖ വായിച്ചശേഷം തുടർന്നു വരുന്ന 10 സംഖ്യകൾ എഴുതുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ് |
| | ❖ വിവധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ<br>❖ വ്യത്യസ്ത സംഖ്യ എഴുതുന്നു, ആരോഹണ അവരോഹണ ക്രമത്തിലെഴുതുന്നു.<br>❖ ഇഷ്ടമുള്ള ഒരു മൂന്നക്കസംഖ്യ എഴുതുന്നു.<br>കളി നോട്ടുപയോഗിച്ച് 1,10,100,1000 കൂട്ടമാക്കുന്നു. | സെപ്റ്റംബർ |
| | ❖ സംഖ്യകൾ അബാക്കസ്സിൽ ക്രമീകരിക്കുന്നു.<br>❖ അരവിന്ദ് ഗുപ്തകാർഡ് നിർമ്മാണം, ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു.<br>❖ അധ്യാപകൻ ഒരു സംഖ്യ ബോർഡിൽ എഴുതുന്നു. | ഒക്ടോബർ |

| | | |
|---|---|---|
| | ❖ വിവിധക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾ തെരഞ്ഞെടുക്കുന്നു.<br>❖ ക്രിയ ചെയ്യുന്നു.<br>❖ ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.<br>❖ വിവിധക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>❖ സംഖ്യാ നറുക്കുകൾ കുട്ടി തെരഞ്ഞെടുക്കുന്നു.<br>❖ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരമെന്ന് കണ്ടെത്തുന്നു.<br><u>സംഖ്യാചക്രം</u><br>❖ സംഖ്യാചക്രം കറക്കി 2 സംഖ്യകൾ എടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം വ്യവകലനം, ഗുണനം എന്നിവ (ഹരണം) | ജനുവരി<br>ഫെബ്രുവരി |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ്സ് 3

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| I.<br>❖ പരിസ്ഥിതി സൗഹൃദം വളർത്തുക<br>❖ ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | ❖ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കു.<br>❖ പ്രത്യേകത മനസ്സിലാക്കുന്നു.<br>❖ വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയുന്നു.<br>❖ ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയുന്നു. (സ്വയം തിരുത്താം) ഫീൽഡ് ട്രിപ്പ്<br>❖ പ്രകൃതിക്ക് ഭീഷണിയാകുന്ന ഇടപെടലുകൾ തിരിച്ചറിയാൻ ഡോക്യുമെന്ററി പ്രദർശനം .<br>❖ തെറ്റും ശരിയും ചർച്ച. | ജൂൺ - ഡിസംബർ |
| II.<br>കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവുമുള്ളവരാക്കി മാറ്റുക. | ❖ പൂന്തോട്ടം, സ്കൂളിലും വീട്ടിലും ഒരുക്കൽ<br>❖ ഒരു തൈനടാം - പരിസ്ഥിതി ദിനം പരിപാലനം.<br>❖ പ്രകൃതി സംരക്ഷണ പോസ്റ്റർ നിർമ്മാണം പരിസരങ്ങളിൽ പതിക്കൽ<br>❖ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം ഒരുക്കൽ.<br>❖ ദിനകൃത്യങ്ങൾക്കുശേഷമേ കുട്ടികൾ സ്കൂളിൽ വരാവൂ എന്ന ബോധം ഉറപ്പിക്കൽ.<br>❖ കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ദിവസത്തെയും ചുമതല ഗ്രൂപ്പിന് നൽകുന്നു. | ജൂൺ - ഡിസംബർ |

| | | |
|---|---|---|
| | ❖ ക്ലാസ്സ് തല ശുചിത്വ മത്സരം - വ്യക്തി ക്ലാസ്സ് ശുചിത്വം - മാർക്ക് നൽകൽ.<br>❖ മലിനീകരണ പ്രശ്നം - സർവ്വെ<br>❖ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ<br>❖ നല്ലശീലം - പോസ്റ്ററുകൾ<br>❖ ഫീൽഡ് ട്രിപ്പ് കുളം, വയൽ, കാട് etc.<br>❖ വിവിധ പരീക്ഷണങ്ങൾ<br>❖ പക്ഷി നിരീക്ഷണം. | ജനുവരി - ഫെബ്രുവരി |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# Class – IV

## English Assembly

മേഖല : അക്കാദമീയം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ലക്ഷ്യങ്ങൾ : ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ | വർഷം മുഴവൻ | ക്ലാസ് ടീച്ചർ | |

## English Diary

പ്രവർത്തനത്തിന്റെ പേര് : English Diary

ലക്ഷ്യം : തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | വർഷം മുഴവൻ | ക്ലാസ് ടീച്ചർ | |

# English Fest

മേഖല : അക്കാദമീയം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ലക്ഷ്യങ്ങൾ : ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| വായനാ മത്സരം<br>രചനാ മത്സരം<br>മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | പി.റ്റി. എ |

## പ്രകൃതി നടത്തം

മേഖല : അക്കാദമീയം

ഉപമേഖല : പരിസര പഠനം

പ്രവർത്തനത്തിന്റെ പേര് : പ്രകൃതി നടത്തം

ലക്ഷ്യം : നിരീക്ഷണം, അറിവു നിർമ്മാണം.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>PTA | PTA |

പ്രവർത്തനത്തിന്റെ പേര് : ഭൂപടമൊരുക്കാം

ലക്ഷ്യം : കേരളം - ഇന്ത്യ - ഭൂപടവായന സൂചിക പരിചയപ്പെടൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഭൂപട വായന<br>ഭൂപട വായന<br>സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |

# കളിക്കാം ഗണിക്കാം

മേഖല : അക്കാദമീയം

ഉപമേഖല : ഗണിതം

പ്രവർത്തനത്തിന്റെ പേര് : കളിക്കാം ഗണിക്കാം

ലക്ഷ്യം : ഗണിത പഠനം രസകരമാക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| വിവിധ കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ<br>സങ്കലനം - വ്യവകലനം<br>കച്ചവടക്കളി | വർഷം മുഴുവൻ | SRG<br>Class Teacher | |

പ്രവർത്തനത്തിന്റെ പേര് : ഗണിത പഠനോപകരണ ശിൽപശാല

ലക്ഷ്യം : പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | Class Teacher | PTA |

# വായിക്കാം വളരാം (എൽ. പി. വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ഭാഷാ പഠനം

പ്രവർത്തനത്തിന്റെ പേര് : വായിക്കാം വളരാം

ലക്ഷ്യം : വായനാശേഷി വളർത്തൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ക്ലാസ് വായനാകൂട്ടം രൂപീകരിക്കുക. ക്ലാസ്സ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം അവതരിപ്പക്കൽ. വായിച്ച പുസ്തകത്തെ കുറിച്ച് വായനാ കുറിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | HM SRG Class Teacher | PTA |

പ്രവർത്തനത്തിന്റെ പേര് : മധുരം മലയാളം

ലക്ഷ്യം : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG Class Teacher | PTA ഫണ്ട് |

## എഴുതാം തെളിയാം, എഴുത്തുകാരി സംവദിക്കൽ

മേഖല : അക്കാദമീയം

ഉപമേഖല : ഭാഷാ പഠനം

പ്രവർത്തനത്തിന്റെ പേര് : എഴുതാം, തെളിയാം, എഴുത്തുകാരുമായി സംവദിക്കൽ

ലക്ഷ്യം : എഴുത്ത് പരിപോഷിപ്പിക്കൽ, സാഹിത്യകാരൻമാരെ അടുത്തറിയൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | HM<br>SRG<br>Class Teacher | PTA |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

## രുചിച്ചറിയാം

മേഖല : അക്കാദമീയം

ഉപമേഖല : ഭാഷാ പഠനം

പ്രവർത്തനത്തിന്റെ പേര് : രുചിച്ചറിയാം

ലക്ഷ്യം : നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചപ്പെടൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസ്സിലൊരു സദ്യ | വർഷ ത്തിലൊന്ന് | SRG Class Teacher | |

# സർഗ്ഗോത്സവം

മേഖല : അക്കാദമീയം

ഉപമേഖല : ഭാഷാ പഠനം

പ്രവർത്തനത്തിന്റെ പേര് : സർഗ്ഗോത്സവം

ലക്ഷ്യം : ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class Teacher | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. മലയാളം

## 2025 -2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം .<br>ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | <u>**എന്റെ അവധിക്കാലം**</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| | <u>**ഭാഷാകേളി**</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| | <u>**വാക്കുകളിൽ നിന്നും വാക്യത്തിലേയ്ക്ക്.**</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുക. | <u>**വാർത്താലോകത്ത്**</u><br>പഠനം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **<u>വാർത്താവായന</u>**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരങ്ങൾ നൽകുന്നു. | പ്രതി മാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം /മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അദ്ധ്യാപകർ | പി. ടി. എ |
| 4) മലയാളം കമ്പ്യൂട്ടിംഗ്<br>പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | **<u>ഇ - കമ്പ്യൂട്ടിംഗ്</u>**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം ഐ. ടി അദ്ധ്യാപകർ | മലയാളം ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| s) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.<br>**<u>രംഗാവിഷ്കാരം</u>**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ, തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരൻമാരെയും സംഘടിപ്പിച്ച് ശിൽപ്പശാലകൾ നടത്തുന്നു. | വർഷാവസാനം<br>അക്കാദമിക് വർഷം | മലയാളം അദ്ധ്യാപകർ<br>പി. ടി. എ സ്കൂൾ | പി. ടി. എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. സയൻസ്

## 2025 -2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>**ജൈവ വൈവിധ്യ പാർക്ക്**</u><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><br><u>**പരീക്ഷണക്കളരി**</u><br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു.<br><br>പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു.<br><br>പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര-പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം<br><br>ജൂൺ മുതൽ | ശാസ്ത്ര അദ്ധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ്<br><br>ശാസ്ത്ര-അദ്ധ്യാപകർ<br>സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ<br>അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക.<br><br>ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | <u>മാസ്റ്റർ മൈന്റ്</u><br><br>ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ, ശാസ്ത്ര ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | <u>ശാസ്ത്ര വിസ്മയ ചുമർ</u><br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ഓരോ ക്ലാസ്സിലും തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര-അദ്ധ്യാപകർ | |
| | ശാസ്ത്ര മാസികകൾ, ലേഖനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്ര-അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | <u>വിസ്മയ യാത്ര</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര തത്വങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | |

# ACADEMIC MASTER PLAN English (U.P) 2025 - 2026

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| To enhance Listening skills | Interactive story telling sessions, discussing themes characters and plots. | June | English Teacher | |
| To encourage speaking skills | Group discussions, role plays, language games, picture reading | June – July | English Teacher | |
| To enhance Reading skills | Introduce word cards and simple stories (Simple to complex) | June<br>July<br>August | English Teacher | |
| To encourage basic reading writing, listening and speaking skills. | Divide learners in to small groups and provide them with short stories excerpts from novels | July<br>August<br>September | English Teacher | |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOCURCE |
|---|---|---|---|---|
| To develop effective communication skill | Each group read assigned work together and discuss key elements like plot, characters and theme.<br><br>Students take turns reading aloud and share their interpretations and reactions. | July<br>August<br>September | English Teacher | |
| To develop writing skills<br>Introduce grammatlical concepts such as parts of speech, tenses, and sentence structure | Each group present summary answer comprehension questions<br><br>Practice simple creative writing tasks<br>• Picture description<br>• Simple poem<br>• Riddle making<br>• Dictionary making | October<br>Nvoember<br>December | English Teacher | |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| To develop basic grammar rules | Practice simple creative descriptive paragraphs, short stories and simple poetry | December January February | English Teacher | |
| To enhance self confidence | Provide opportunities to present their works in class. | Through out the year | | |
| | Provide chance to speak confidenctly | | | |
| | Peer group formation Mentoring | | | |
| | English Assembly | August – February once in a month | English Club | |
| | Offer opportunities to enrich vocabulary through reading simple stories | | English Teacher and parents | |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
| --- | --- | --- | --- | --- |
| To differently abled students | Provide drawing, colouring activities according to their capabity | Through out the year | English Teacher | |
| Assessment and feed back | Involve learners in self assessment and peer group assessment.<br>Provide timebound feed back<br>Suggest strategies for further development | Through out the year | English Teacher | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി.

## സോഷ്യൽ സയൻസ്

## 2025 -2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേയ്ക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ, | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ, | |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ, | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാട്ടം സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ, | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ?<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണാമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ, | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## യു.പി. ഗണിതം

## 2025 -2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത പ്രക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ ജൂലൈ | ഗണിത അദ്ധ്യാപകർ | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അദ്ധ്യാപകർ, ഗണതി ക്ലബ്ബിലെ അംഗങ്ങൾ | |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിതപാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ICT സാധ്യത ഗണിത പഠനത്തിൽ പ്രയോജനപ്പെടുത്തുന്നു. | ജാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.റ്റി സാധ്യതകൾ ഉൾപ്പെടുത്തി കുട്ടികളിൽ എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അദ്ധ്യാപകർ സമർത്ഥരായ കുട്ടികൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# കായിക വിദ്യാഭ്യാസം

# 2025 -2026

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1) ആരോഗ്യകായിക വിദ്യാഭ്യാസം | സ്കൂളിൽ മുഴുവൻ കുട്ടികൾക്കും അത്‌ലറ്റിക്സ് പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂൾതല സമിതികൾ | വിദ്യാലയ വികസന സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസേഴ്സ് etc. | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അത്‌ലറ്റിക് പരിശീലനം നൽകി മികച്ച അത്‌ലറ്റുകളെ കണ്ടെത്തി പരിപോഷിപ്പിക്കുകയാണ് ലക്ഷ്യം |
| 2) ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ, ശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി Aerobics പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂൾതല സമിതികൾ | വിദ്യാലയ വികസന സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസേഴ്സ് etc. | കുട്ടികളിൽ, ശാരീക പഴക്കം, ആത്മവിശ്വാസം അച്ചടക്കം തുടങ്ങിയവ എന്നതാണ് ലക്ഷ്യം. |

# മലയാളം എച്ച്. എസ്

| മേഖല | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1)ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ് | 2 മാസം | പുസ്തകങ്ങൾ, ചിത്രങ്ങൾ | അദ്ധ്യാപകർ |
| 2)കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം | 6 മാസം | ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ | അദ്ധ്യാപകർ |

| മേഖല | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| | 8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | | ഇന്റർനെറ്റ് കമ്പ്യൂട്ടർ | വിദ്യാരംഗം കോഡിനേറ്റർ<br>അദ്ധ്യാപകർ |

| മേഖല | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| | 1. വായനക്കുറിപ്പ്, പതിപ്പ്<br>2. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ<br>3. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>4. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>5. വ്യക്തിഗത രചന, സംഘരചന<br>6. ഭാഷാ പ്രോജക്ട്<br>7. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | | | |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്ത് കൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായന കുറിപ്പ്, പതിപ്പ്<br>4. സാഹിത്യകാരന്മാരുടെ വീടുകൾ, സാഹിത്യവുമായി ബന്ധപ്പെട്ട സ്ഥലം സന്ദർശനം | 3 മാസം | ഓഡിയോ, വീഡിയോ | അദ്ധ്യാപകർ |

# എച്ച്. എസ് സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക<br>ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ❖ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>❖ സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദിമിക വർഷം മുഴുവനും നിശ്ചയിച്ച തീയതികളിൽ നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | പി. ടി. എ |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | ❖ സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | പി. ടി. എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3) മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക, സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ❖ ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപിക | പി. ടി. എ |
| 4) ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ❖ ഭൂമി ശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപിക | പി. ടി. എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5) കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | ❖ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമയാ ധാരണ നൽകുക. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപിക | പി. ടി. എ |

# എച്ച്. എസ് സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) കുട്ടികൾ നിരീക്ഷണപാടവം, ശാസ്ത്രാഭിരുചി എന്നിവ വളർത്തുക. | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികളുടെ സഹായത്തോടെ ക്ലാസ് മുറികളിൽ അവതരിപ്പിക്കു.<br>2. ലഘുപരീക്ഷണങ്ങൾ സ്കൂളിലെ മറ്റു വിദ്യാർത്ഥികളുടെ മുമ്പിൽ കുട്ടികൾ അവതരിപ്പിക്കുക.<br>3. ശാസ്ത്ര പരീക്ഷണങ്ങൾ പൊതു സമൂഹത്തിന്റെ മുമ്പിൽ കുട്ടികൾ അവതരിപ്പിക്കുക.<br>4. സ്കൂൾ തല സയൻസ് എക്സിബിഷൻ<br>5. ലഘു പ്രോജക്ടുകൾ ഏറ്റെടുത്തുള്ള പഠനം (അഭിമുഖം, സർവ്വെ, നിരീക്ഷണം)<br>6. ശാസ്ത്ര ദിനാചരണങ്ങൾ നടത്തുക. | അക്കാദമിക വർഷം<br>മാസത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരുതവണ<br>വർഷത്തിൽ ഒരുതവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് അദ്ധ്യാപിക<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് അദ്ധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>സയൻസ് അദ്ധ്യാപകർ | --<br>--<br>--<br>1000/-<br>പി.റ്റി.എ<br>പി.റ്റി.എ |
| 2) ശാസ്ത്രബോധം വളർത്തുക | 1) ക്ലാസ് മുറികളിൽ കുട്ടികൾക്ക് ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ വായിക്കാൻ നൽകുക. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി. റ്റി. എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3)ശാസ്ത്ര ലാബിനെ കാലോചിതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളെ പ്രത്യേകമായി ക്രമീകരിക്കുക, പാഠഭാഗങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ , രാസവസ്തുക്കൾ എന്നിവ ലാബിൽ ഉറപ്പാക്കുക. | ജൂൺ | സയൻസ് അദ്ധ്യാപകർ | 10000/- |
| 4) ശാസ്ത്ര മാസിക, ശാസ്ത്രപ്പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, സാഹിത്യരചനകൾ എന്നിവ ഉപയോഗിച്ച് ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കുക. | 6 മാസത്തിൽ ഒരിക്കൽ | SRG സയൻസ് അദ്ധ്യാപകർ | പി. റ്റി. എ |
| 5) ചോദ്യപേപ്പർ, മോഡൽ നിർമ്മാണം | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി ചോദ്യപേപ്പർ നിർമ്മാണം. ശാസ്ത്ര പഠനത്തിനാവശ്യമായ മോഡലുകൾ നിർമ്മിക്കൽ | ആവശ്യ സന്ദർഭങ്ങളിൽ | SRG സയൻസ് അദ്ധ്യാപകർ | 2500/- പി. റ്റി. എ |
| 6)പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകർ, പിയർ ഗ്രൂപ്പ് എന്നിവയുടെ സഹായത്തോടെ പഠനം. | ആഴ്ചയിൽ 2 ദിവസം | SRG സയൻസ് അദ്ധ്യാപകർ | -- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 7) നിരന്തരമായ അന്വേഷണ ശേഷി , വിനിമയ ശേഷി എന്നിവ വികസിപ്പിക്കൽ | 1. സ്കൂളികളിൽ സെമിനാർ പേപ്പറുകൾ, പ്രോജക്ടുകൾ എന്നിവ അവതരിപ്പിച്ച് മെച്ചപ്പെട്ടവ പൊതു വേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകുക.<br>2. കുട്ടികൾ തയ്യാറാക്കിയ മോഡലുകൾ പ്രദർശിപ്പിച്ച് അവയുടെ വിശദീകരണം. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് അദ്ധ്യാപകർ പി. റ്റി. എ | --- |
| 8) പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | 1. കുട്ടികളുടെ ആരോഗ്യരേഖ തയ്യാറാക്കി സൂക്ഷിക്കുക.<br>2. ജൈവ വൈവിധ്യ ഉദ്യാനം വിപുലമാക്കുക.<br>3. ഔഷധ സസ്യങ്ങളെ പരിപാലിക്കുക. | അക്കാദമിക വർഷം<br>"<br>" | സയൻസ് അദ്ധ്യാപകർ ഹെൽത്ത് ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ്<br>" | |
| | 4. തണ്ണീർത്തടങ്ങൾ സന്ദർശിക്കുക. | തണ്ണീർത്തട ദിനം | പരിസ്ഥിതി ക്ലബ്ബ് | |
| | 5. ജൈവ വൈവിധ്യ രജിസ്റ്റർ സൂക്ഷിക്കുക. | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് | |
| | 6. എല്ലാ സസ്യങ്ങൾക്കും നാമകരണം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 9. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ്, നേടൽ | 1) പുതിയ സാങ്കേതിക വിദ്യകൾ, കണ്ടുപിടുത്തങ്ങൾ പരിചയപ്പെടുത്തുക. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | |
| | 2) സ്കൂൾതല, ജല്ലാതല, സംസ്ഥാനതല ക്വിസ്, സെമിനാർ, പ്രോജക്ടുകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക. | ആവശ്യ സന്ദർഭങ്ങളിൽ | " | പി. റ്റി. എ |
| | 3) ശാസ്ത്രജ്ഞരുമായി സംവദിക്കൽ | ആറ് മാസത്തിൽ ഒരുക്കൽ | സയൻസ് ക്ലബ്ബ് | |
| | 4) ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പ് | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | |

# ബയോളജി (ഹൈസ്കൂൾ വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ബയോളജി

പ്രവർത്തനത്തിന്റെ പേര് : ബോധവൽക്കരണ ക്ലാസ്

ലക്ഷ്യങ്ങൾ : പരിസ്ഥിതിയെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചും ഉള്ള അവബോധം.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പരിസ്ഥിതി ദിനം പോസ്റ്റർ ക്വിസ് | ജൂൺ 5 | ബയോളജി അദ്ധ്യാപിക | പി. റ്റി. എ |
| പ്രകൃതി സംരക്ഷണദിനം | ജൂലൈ 28 | " | " |
| തണ്ണീർത്തടദിനം<br>ഫീൽഡ് ട്രിപ്പ്<br>വീഡിയോ പ്രദർശനം | ഫെബ്രുവരി 2 | " | " |

## ബയോളജി (ഹൈസ്കൂൾ വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ബയോളജി

പ്രവർത്തനത്തിന്റെ പേര് : സെമിനാർ

ലക്ഷ്യങ്ങൾ : നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നു.

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നൽകുന്നു. | ജൂൺ | കുട്ടികൾ | -- |

## ബയോളജി (ഹയർ സെക്കന്ററി വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ബയോളജി

പ്രവർത്തനത്തിന്റെ പേര് : പൂന്തോട്ട നിർമ്മാണം

ലക്ഷ്യങ്ങൾ : പ്രവർത്തി പരിചയത്തിലൂടെ പ്രകൃതി സൗന്ദര്യം ഉണ്ടാക്കിയെടുക്കുക.

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പൂന്തോട്ട നിർമ്മാണം | ജൂൺ മുതൽ | SSSS ക്ലബ്ബ് | പി.റ്റി.എ |
| ഔഷധത്തോട്ട നിർമ്മാണം | ഡിസംബർ | സയൻസ് ക്ലബ്ബ് | പി.റ്റി.എ |
| പച്ചക്കറിത്തോട്ട നിർമ്മാണം | 3 മാസം | SSSS ക്ലബ്ബ് | പി.റ്റി.എ |

# ബയോളജി (ഹൈസ്കൂൾ വിഭാഗം)

| | | |
|---|---|---|
| മേഖല | : | അക്കാദമിയം |
| ഉപമേഖല | : | ബയോളജി |
| പ്രവർത്തനത്തിന്റെ പേര് | : | പാഠഭാഗവുമായി ബന്ധപ്പെട്ട കവിത |
| ലക്ഷ്യങ്ങൾ | : | ആശയങ്ങൾ എളുപ്പത്തിൽ ഓർത്തിരിക്കുവാൻ സഹായിക്കുന്നു. |

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ആശയം<br><br>കോശം - കോശഗാനം | ജൂൺ - ഫെബ്രുവരി | ബയോളജി അദ്ധ്യാപിക<br>ബയോളജി അദ്ധ്യാപിക | ചിലവില്ല<br><br>ചിലവില്ല |
| വർണ്ണകങ്ങൾ ഗാനം | | ബയോളജി അദ്ധ്യാപിക | ചിലവില്ല |
| ഭക്ഷ്യശൃംഖല ഗാനം | | ബയോളജി അദ്ധ്യാപിക | ചിലവില്ല |
| ജന്തുലോകം ഫൈലങ്ങൾ | | ബയോളജി അദ്ധ്യാപിക | ചിലവില്ല |
| വാക്സിനുകൾ | | ബയോളജി അദ്ധ്യാപിക | ചിലവില്ല |
| പ്രകാശസംശ്ലേഷണം | | ബയോളജി അദ്ധ്യാപിക | ചിലവില്ല |

# ബയോളജി (ഹൈസ്കൂൾ വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ബയോളജി

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര പരീക്ഷണങ്ങൾ

ലക്ഷ്യങ്ങൾ : നേരനുഭവം നൽകുന്നു

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നു | ജൂൺ ഫെബ്രുവരി | അദ്ധ്യാപികയും കുട്ടികളും | ചിലവില്ല |
| മൈക്രോ സ്കോപ്പ് | | | |
| നിരീക്ഷണം | | | |
| ഓസ്മോസിസ് | | | |
| ഡിഫ്യൂഷൻ | | | |

# ബയോളജി (ഹൈസ്കൂൾ വിഭാഗം)

മേഖല : അക്കാദമീയം

ഉപമേഖല : ബയോളജി, സയൻസ്

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര മാസിക

ലക്ഷ്യങ്ങൾ : ശാസ്ത്രാഭിരുചി വളർത്തുക

: ശാസ്ത്ര അറിവുകൾ നേടുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ശാസ്ത്ര മാസികയുടെ നിർമ്മാണം | ജൂൺ - സെപ്റ്റംബർ | അദ്ധ്യാപികയും കുട്ടികളും | 200 പി.റ്റി.എ |
| കുട്ടികളിൽ നിന്ന് തന്നെ മാസികയുടെ സംഘാടകരെ കണ്ടെത്തുന്നു. ഓരോ കുട്ടിയും ശാസ്ത്ര അറിവുകൾ ശേഖരിച്ച് കൊണ്ടു വരുന്നു. അദ്ധ്യാപികയുടെ മേൽനോട്ടത്തിൽ മാസിക തയ്യാറാക്കുന്നു. | | | |

# ബയോളജി (ഹൈസ്കൂൾ വിഭാഗം)

മേഖല : അക്കാദമികം

ഉപമേഖല : ബയോളജി

ലക്ഷ്യം : കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/PTA |
| ശാസ്ത്രമേളയിൽ പൂർണ്ണപങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | വർഷത്തിൽ 2 തവണ | സയൻസ് ക്ലബ്ബ് | 1000/PTA |
| ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുക. | 3 മാസം | ജീവശാസ്ത്ര അദ്ധ്യാപിക | 1000/PTA |
| ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക. | 6 മാസം | ഇക്കോ ക്ലബ്ബ് | -- |

# മേഖല ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അദ്ധ്യാപകർ | |
| 2)നിർമിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു. | തുടർ പ്രവർത്തനം | അദ്ധ്യാപകർ, മുന്നോക്കം നിൽക്കുന്നവർ | പി. റ്റി. എ |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോദ്ധ്യപ്പെടൽ | ഓരോ പാഠഭാഗത്തിന് ശേഷവും നിത്യജീവിത്തിൽ അവ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തുന്നു. | വർഷം മുഴുവൻ | അദ്ധ്യാപകർ | |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശിൽപശാല, ക്ലബ്ബ് പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ | പി. റ്റി. എ |
| 5) സംഘബോധം ഉണ്ടെങ്കിൽ | സംഘ പഠനം | തുടർ പ്രവർത്തനം | അദ്ധ്യാപകർ സംഘത്തലവൻ | |
| 6) അദ്ധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കൽ | അദ്ധ്യാപകർ, കുട്ടികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | വർഷം മുഴുവൻ | അദ്ധ്യാപകർ | |
| 7) ഗണിതത്തിൽ താൽപര്യം ജനിപ്പിക്കൽ | ഗണിത കളികൾ പ്രോത്സാഹിപ്പിക്കുന്നു. | മാസത്തിൽ ഒന്ന് | അദ്ധ്യാപകർ | |

# സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലിംഗ്
# ജീവിതനൈപുണ്യം വിദ്യാഭ്യാസം (V to XII)

| | | |
|---|---|---|
| മേഖല | : | അക്കാദമിയം |
| ഉപമേഖല | : | കൗമാര കൗൺസിലിംഗ് |
| പ്രവർത്തനത്തിന്റെ പേര് | : | ബോധവൽക്കരണ ക്ലാസ് |
| ലക്ഷ്യങ്ങൾ | : | പ്രശ്നങ്ങളെ നേരിടാനുള്ള കരുത്ത്, ആത്മവിശ്വാസം, വ്യക്തിത്വ വികസനം |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഓരോ ക്ലാസിനും ഓരോ ലൈഫ് സ്കിൽസ് നെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. വിവിധതരം ആക്ടിവിടീസിലൂടെ കുട്ടികൾക്ക് പ്രാധാന്യം മനസ്സിലാക്കികൊടുക്കുന്നു. രക്ഷിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിംഗും പൊതു പ്രശ്നങ്ങൾക്ക് ഗ്രൂപ്പ് കൗൺസിലിംഗും സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br>സ്കൂൾ കൗൺസിലർ<br>രക്ഷിതാവ് | -- |

# ഭിന്നശേഷി കുട്ടികൾ

മേഖല : അക്കാദമീയം

ഉപമേഖല : പാട്ടിലൂടെ ഭാഷാപഠനം

ലക്ഷ്യങ്ങൾ : ഭാഷാ വികാസവും താളബോധവും കുട്ടികളിൽ വളർത്തുന്നു.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| അക്ഷരമാല പാട്ടിലൂടെ ലളിതമായ രീതിയിൽ ഈണത്തിലും താളത്തിലും പിയർ ഗ്രൂപ്പിനോടൊപ്പം അവതരിപ്പിക്കുന്നു. | ജൂൺ മുതൽ | അദ്ധ്യാപകർ<br>പിയർ ഗ്രൂപ്പ്<br>രക്ഷിതാക്കൾ<br>സ്പെഷ്യൽ എഡ്യുക്കേറ്റർ | |